# ഇരുപത്തിയാറാമത് ആസിയാൻ-ഇന്ത്യ മുതിർന്ന ഉദ്യോഗസ്ഥ തല യോഗം (AISOM)

മേയ് 03, 2024

ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഇരുപത്തിയാറാമത് ആസിയാൻ-ഇന്ത്യ മുതിർന്ന ഉദ്യോഗസ്ഥ തല യോഗത്തിൽ (AISOM) സിംഗപ്പൂർ വിദേശകാര്യ മന്ത്രാലയത്തിലെ സ്ഥിരം സെക്രട്ടറി ശ്രീ. ആൽബെർട്ട് ചുവയ്ക്കൊപ്പം വിദേശകാര്യ സെക്രട്ടറി (ഈസ്റ്റ്) ശ്രീ. ജയദീപ് മസുംദാർ ഉപാധ്യക്ഷം വഹിച്ചു. ആസിയാൻ-ഇന്ത്യ ഡയലോഗ് റിലേഷൻസിലെ ഇന്ത്യയുടെ കൺട്രി കോർഡിനേറ്ററാണ് സിംഗപ്പൂർ. യോഗത്തിൽ മുതിർന്ന ഉദ്യോഗസ്ഥരും എല്ലാ ആസിയാൻ അംഗ രാജ്യങ്ങളുടെയും ആസിയാനിൽ നിരീക്ഷക പദവിയുള്ള തിമോർ ലെസ്തെയുടെയും പ്രതിനിധികളും ആസിയാൻ ഡെപ്യൂട്ടി സെക്രട്ടറി ജനറലും പങ്കെടുത്തു.

2. 26-ആം AISOM-ൽ, ആസിയാൻ-ഇന്ത്യ ആക്ഷൻ പ്ലാനിൽ (2021-2025) ഉൾപ്പെട്ടിട്ടുള്ള രാഷ്ട്രീയം-സുരക്ഷ, സാമ്പത്തികം, സാമൂഹികവും സാംസ്കാരികവും എന്നീ മൂന്ന് അടിസ്ഥാന ശിലകളിലുള്ള ആസിയാൻ-ഇന്ത്യ ബന്ധങ്ങളുടെ വിവിധ വശങ്ങൾ അവലോകനം ചെയ്തു. ആസിയാൻ-ഇന്ത്യ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2023-ൽ ജക്കാർത്തയിൽ നടന്ന 20-ആം ആസിയാൻ-ഇന്ത്യ ഉച്ചകോടിയിൽ പ്രഖ്യാപിച്ച പ്രധാനമന്ത്രിയുടെ 12 ഇന നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ചും മുതിർന്ന ഉദ്യോഗസ്ഥർ ചർച്ച ചെയ്തു. ഇന്ത്യയുടെ ആക്റ്റ് ഈസ്റ്റ് പോളിസിയുടെ ദശാബ്ദത്തെ അടയാളപ്പെടുത്തുന്നതിനുള്ള നിർദ്ദിഷ്ട സംയുക്ത പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശ വിഷയമായി. ഇരുവിഭാഗത്തിനും താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകളും പങ്കുവയ്ക്കപ്പെട്ടു.

3. ലാവോ പിഡിആറിലെ വിയന്റിയനിൽ ഈ വർഷം അവസാനം നടക്കുന്ന ആസിയാൻ-ഇന്ത്യ ഉച്ചകോടിയുടെ തയ്യാറെടുപ്പുകളും ചർച്ച ചെയ്യപ്പെട്ടു. ആസിയാനും മേഖലയിലെ ആസിയാൻ നേതൃത്വം നൽകുന്ന പ്രവർത്തനങ്ങൾക്കും ഇന്ത്യ നൽകുന്ന തുടർ പിന്തുണയെ ആസിയാൻ പക്ഷം അഭിനന്ദിച്ചു.

4. ആസിയാൻ, തിമോർ-ലെസ്റ്റെ, ആസിയാൻ സെക്രട്ടേറിയറ്റ് എന്നിവയിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ പ്രതിനിധി സംഘം 2024 മേയ് 3-ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറെ സന്ദർശിച്ചു. ഇന്ത്യയുടെ ആക്റ്റ് ഈസ്റ്റ് പോളിസിയുടെയും വിശാലമായ ഇന്തോ-പസഫിക്കിനുള്ള

കാഴ്ചപ്പാടിന്റെയും നിർണായക സ്തംഭമാണ് ആസിയാൻ എന്ന് വ്യക്തമാക്കിയ അദ്ദേഹം ആസിയാൻ-ഇന്ത്യ വ്യാപാര ഉടമ്പടിയുടെ (AITIGA) അവലോകനം നേരത്തെ പൂർത്തിയാക്കുന്നത് ഉൾപ്പെടെയുള്ള സുപ്രധാന വിഷയങ്ങളിലും അതിന്റെ ഫലങ്ങളിലും ഇരു കൂട്ടർക്കും താൽപ്പര്യമുള്ള പ്രാദേശിക പ്രശ്നങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രതിനിധി സംഘത്തോട് നിർദ്ദേശിച്ചു.

**ന്യൂഡൽഹി**
**മേയ് 03, 2024**